## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2895 — 19.06.2014 ൽ മറുപടിക്ക്

### ആലപ്പുഴ ജില്ലയിലെ മാവേലിസ്റ്റോറുകളിൽ ഭക്ഷ്യവസ്തുക്കൾ പൂഴ്ത്തിവയ്ക്കുന്നതായുള്ള പരാതി

| ചോദ്യം<br>ശ്രീ. ആർ. രാജേഷ്: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| (എ) ആലപ്പുഴ ജില്ലയിലെ മാവേലി സ്റ്റോറുകളിൽ ഭക്ഷ്യവസ്തുക്കൾ പൂഴ്ത്തിവയ്ക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) പൂഴ്ത്തിവയ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) സാധനങ്ങളുടെ വിപണനം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നിലവിലുണ്ട്. കാലാകാലങ്ങളിൽ ആഡിറ്റ് പരിശോധനകളും മേലുദ്യോഗസ്ഥരുടെ മിന്നൽ പരിശോധനകളും നടത്തിവരുന്നു. |
| (സി) കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (സി) ബാധകമല്ല. |
| (ഡി) പൂഴ്ത്തിവയ്പ് പരിശോധിക്കുവാൻ റെയ്ഡുകൾ നടത്തിയിട്ടുണ്ടോ; റെയ്ഡിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) മാവേലി സ്റ്റോറുകളിൽ റെയ്ഡുകൾ നടത്തിയിട്ടില്ല. എന്നാൽ പരിശോധനകൾ നടത്താറുണ്ട്. |

Beena

സെക്ഷൻ ഓഫീസർ